LIBRARY ARCHIVES Kerala Legislative Assembly

ഇ. എസ്. ഐ. ആശുപത്രികളിൽ ആംബുലൻസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി

77 [531] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഇ.എസ്.ഐ. ആശുപത്രികളിൽ ആംബുലൻസ് ഉണ്ട്;

(ബി) എത്രയിടങ്ങളിൽ ആംബുലൻസ് ഇല്ലെന്ന് വ്യക്തമാക്കുമോ;

(സി) ഇ.എസ്.ഐ. ആശുപത്രികളിൽ ആംബുലൻസ് ഉണ്ടായിരിക്കണമെന്ന് ഇ.എസ്.ഐ. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ആംബുലൻസ് സൗകര്യമില്ലാത്ത ഇടങ്ങളിൽ അവ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അഞ്ച് (5) ഇ.എസ്.ഐ. ആശുപത്രികളിൽ ആംബുലൻസ് ഉണ്ട്.

(ബി) എട്ട് (8) ഇ.എസ്.ഐ. ആശുപത്രികളിൽ ആംബുലൻസ് ഇല്ല.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

കിൻഫ്രാ അപ്പാരൽ പാർക്കിലെ തൊഴിൽ സമരം

78 [532] ശ്രീ. എഴുകോൺ നാരായണൻ:

,, കെ. മോഹൻകുമാർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേനംകുളം കിൻഫ്രാ അപ്പാരൽ പാർക്കിൽ ഈ വർഷം ഒരു തൊഴിൽ സമരമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്നു അറിയിക്കാമോ;

(സി) അത് എത്ര ദിവസം നീണ്ടുനിന്നുവെന്നും സമരം തുടങ്ങി എത്ര കാലത്തിനുശേഷമാണ് ഒത്തുതീർപ്പു സംഭാഷണങ്ങൾ ഗവൺമെന്റ് ആഭിമുഖ്യത്തിൽ ആരംഭിച്ചത് എന്നും വ്യക്തമാക്കുമോ;

(ഡി) ഈ പാർക്ക് പ്രവർത്തനമാരംഭിക്കുന്ന സമയത്ത് അവിടെ തൊഴിൽ കുഴപ്പങ്ങളോ സമരങ്ങളോ ഉണ്ടാവുകയില്ലെന്ന് കിൻഫ്രയും ഗവൺമെന്റും വ്യവസായികൾക്ക് ഉറപ്പുനൽകിയിരുന്നുവോ എന്നു വിശദമാക്കുമോ?

ഉത്തരം

(എ—സി) മേനംകുളം കിൻഫ്രാ അപ്പാരൽ പാർക്കിൽ ഈ വർഷം (2004) തൊഴിൽ സമരങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 'കിൻഫ്രാ' വ്യവസായികൾക്ക് പ്രത്യേകിച്ച് ഉറപ്പുകളൊന്നും നൽകിയിട്ടില്ല.

ഹോംകോയിലെ താൽക്കാലിക നിയമനം

79 [533] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കേരള സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസി (ഹോംകോ)-യിലെ താൽക്കാലിക നിയമനങ്ങൾക്കായി പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്;

(സി) ഇതനുസരിച്ച് യോഗ്യരായവരുടെ ലിസ്റ്റ് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അയച്ചത്;

(ഡി) ലിസ്റ്റ് അയച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) എന്നത്തേയ്ക്ക് ലിസ്റ്റ് അയയ്ക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) തൊഴിൽ രഹിതർക്ക് താൽക്കാലികമായി ജോലി ലഭിക്കുന്നതിനുള്ള സാഹചര്യമാണ് ലിസ്റ്റ് യഥാസമയം അയയ്ക്കാത്തതുമൂലം നഷ്ടപ്പെടുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും കാലതാമസത്തിന് കാരണക്കാരായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-2-2004-ൽ ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly